# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 5590     29.07.2015 - ൽ മറുപടിക്ക്

## ലാസ്റ്റ് ഗ്രേഡ് സർവന്റുമാരുടെ പ്രൊമോഷൻ

**ചോദ്യം**

ശ്രീ. വി. ശിവൻകുട്ടി

(എ) ലാസ്റ്റ് ഗ്രേഡ് സർവന്റുമാരുടെ 10% പ്രൊമോഷനുവേണ്ടി ജില്ലാതലത്തിൽ എൽ.ഡി.ക്ലാർക്കുമാരുടെ കേഡർ സ്ട്രെങ്ത് കണക്കാക്കുമ്പോൾ എല്ലാ ജില്ലകളിലും നിയമന അധികാരികളുള്ള വകുപ്പുകളിലെ ഹെഡ് ക്വാർട്ടേഴ്സുകളിലെ ക്ലർക്കുമാരുടെ കേഡർ സ്ട്രെങ്ത് ഏതു ജില്ലയിലാണ് കണക്കാക്കുന്നത് ;

(ബി) ഇത്തരം വകുപ്പുകളിലെ ഹെഡ് ക്വാർട്ടേഴ്സുകളിൽ മറ്റു ജില്ലകളിൽ നിന്ന് ട്രാൻസ്ഫർ മുഖേനേ നിയമിക്കപ്പെട്ടിട്ടുള്ള ലാസ്റ്റ് ഗ്രേഡ് ജീവനക്കാർക്ക് 10% പ്രൊമോഷൻ ഏതു ജില്ലയിലാണ് നൽകേണ്ടതെന്നും അങ്ങനെ നിയമനം ലഭിച്ചവർക്ക് തസ്തികമാറ്റം അനുവദിക്കുമോ എന്നും വിശദമാക്കുമോ ?

**ഉത്തരം**

ശ്രീ. ഉമ്മൻചാണ്ടി
ബഹു. മുഖ്യമന്ത്രി

(എ) ഒരു വകുപ്പിലെ ഹെഡ്ക്വാർട്ടേഴ്സിൽ ഉള്ള എൽ.ഡി.ക്ലാർക്ക് തസ്തികയിലെ ഓരോ ഒഴിവുകളും ഏതൊക്കെ ജില്ലയിലെ റാങ്ക് ലിസ്റ്റുകളിൽ നിന്നുമാണോ നികത്തുന്നത് ആ ജില്ലയിലെ കേഡർ സ്ട്രെങ്തിലാണ് ടി ഒഴിവുകളിൽ നിയമിക്കപ്പെടുന്നവരെ കണക്കാക്കേണ്ടത്.

(ബി) ഹെഡ്ക്വാർട്ടേഴ്സിൽ ഉണ്ടാകുന്ന ഒഴിവുകൾ അതാത് ജില്ലാ പി.എസ്.സി. മുഖേനയാണ് നികത്തുന്നത്. ടി ഒഴിവുകളിലേക്ക് സ്ഥലം മാറ്റം വഴി നിയമനം നൽകാൻ വ്യവസ്ഥയില്ല.

Sushi

സെക്ഷൻ ഓഫീസർ